**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

## കെ.എ.പി.നാലാം ബറ്റാലിയനിലെ ഒഴിവുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 122 26/02/2018-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എ.പി.നാലാം ബറ്റാലിയനിലെ ഒഴിവുകൾ നികത്തുന്നതിനായി കെ.പി.എസ്.സി. കാസർഗോഡ് ഓഫീസിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനശിപാർശ ചെയ്യാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | കെ.എ.പി നാലാം ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്ത 948 ഒഴിവുകളിൽ 944 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നാല് ഒഴിവു കളുടെ ഉദ്ഭവ തീയതി ടി തസ്തികയുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത 07.12.2017-ന് ശേഷം ആയതിനാൽ പ്രസ്തുത ഒഴിവുകളിൽ നിയമന ശിപാർശ നൽകാൻ കഴിഞ്ഞില്ല. ലിസ്റ്റിന്റെ കാലാവധി 14.01.2018-ന് അവസാനിച്ചു. |
| (ബി) | നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ ദിവസങ്ങൾ ബാക്കിയിരിക്കെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ